**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6074** **09-07-2024 - ൽ മറുപടിയ്ക്ക്**

**പള്ളിവാസൽ വിപുലീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പള്ളിവാസൽ വിപുലീകരണ പദ്ധതി ആരംഭിച്ചത് എന്നാണെന്ന് വിശദമാക്കുമോ; | (എ) | പള്ളിവാസൽ വിപുലീകരണ പദ്ധതി (2x 30 MW) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ 01.03.2007-ൽ ആരംഭിച്ചതാണ്. എന്നാൽ സാങ്കേതിക കാരണത്താലും കരാർ എടുത്ത കമ്പനിയുടെ അനാസ്ഥമൂലവും പദ്ധതി വൈകുകയും തുടർന്ന് നിർമ്മാണ കരാർ 13.09.2018- ൽ റദ്ദാക്കേണ്ടി വരികയും ചെയ്തു. പദ്ധതിയുടെ ബാക്കിയുള്ള നിർമ്മാണ ജോലികൾ പുനഃക്രമീകരിച്ച് പ്രവൃത്തികളുടെ പട്ടിക നാലായി തിരിച്ച് സിവിൽ ജോലികൾ ഭൂമി - സീലിയോൺ, ആങ്കർ സ്ട്രക്ച്ചറൽസ്, ശ്രീ ശരവണ ഇൻഡസ്ട്രീസ്, എന്നീ 3 കമ്പനികളെ ചുമതലപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ 2018-19 കാലഘട്ടത്തിൽ പുനരാരംഭിച്ചു.<br><br>ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ 2020- ൽ ടെണ്ടർ ചെയ്യുകയും റ്റി. വി. പി. പി. എൽ. - കെ എസ്.കെ. - ആർ. ഇ. എച്.പി.എൽ. – ഡി.ഇ.സി. കൺസോർഷ്യം എന്ന കമ്പനിക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്യുകയുണ്ടായി. കരാർ ഒപ്പ് വെക്കാത്തതിനാൽ വർക്ക് ഓർഡർ റദ്ദ് ചെയ്ത് 2021-ൽ റിവേർസ് ടെണ്ടർ പ്രകാരം റ്റി. വി. പി. പി. എൽ. - കെ എസ്.കെ. -ഫിറ്റ് വെൽ ബ്ലൂം - ആർ. ഇ. എച്.പി.എൽ. - കൺസോർഷ്യം എന്ന കമ്പനിയ്ക്ക് 31.01.2022 ന്റെ വർക്ക് ഓർഡർ നൽകി നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ പ്രസ്തുത പദ്ധതിയുടെ 97.91% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ വേഗത്തിലുള്ള പൂർത്തീകരണത്തിനു വേണ്ടി എല്ലാ നടപടിക്രമങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ 99.50% പൂർത്തിയായിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ 94% പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതി 2024 ആഗസ്റ്റിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ